ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE : 02.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) വഖഫ് ഭേദഗതി ബിൽ കേന്ദ്ര മന്ത്രി കിരൺ റിജിജു ലോകക്സഭയിൽ അവതരിപ്പിക്കുന്നു. ദേശീയ താൽപര്യം പരിഗണിച്ചാണ് ബിൽ കൊണ്ടുവരുന്നതെന്ന് കേന്ദ്രം. എതിർപ്പറിയിച്ച് പ്രതിപക്ഷം

**The Waqf (Amendment) Bill 2025 as reported by the Joint Parliamentary Committee has been moved in the Lok Sabha for consideration and passing today.**

2) വന്ദേ ഭാരത് ട്രെയിൻ യാത്ര കൂടുതൽ സുഗമമാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചതായി ലോക്സഭയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**Union Government has taken every steps to ensure smooth ride in Vande Bharat trains, says Union Railway Minister**

3) രാജ്യത്തെ സ്ത്രീകളെ ശക്തിപ്പെടുത്തുന്നതിൽ പ്രധാനമന്ത്രി മുദ്ര യോജന വലിയ പങ്കുവഹിച്ചതായി എസ്.ബി.ഐ റിപ്പോർട്ട്.

**PMMY an effective tool for women empowerment at grassroots level: SBI report**

4) സിപിഐ എം 24-ാം പാർട്ടി കോൺഗ്രസ് മധുരയിൽ ആരംഭിച്ചു.

**24th CPI(M) Party Congress begins today in Madurai**

5) സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ നാളെ വീണ്ടും ചർച്ച നടത്തും.

**Kerala Government will hold a discussion tomorrow with protesting ASHA workers**

6) ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം

**First leg of ISL Footbal Semi Finals will begin today.**

## HEADLINE-1

***WAQF –RIJIJU (INTRO)***

*വഖഫ് ഭേദഗതി ബിൽ, 2024 കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ലോകസ്ഭയിൽ അവതരിപ്പിക്കുന്നു. സംയുക്ത പാർലമെന്ററി സമിതി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് ബിൽ അവതരിപ്പിക്കുന്നത്. ദേശീയ താൽപര്യം പരിഗണിച്ചാണ് ഭേദഗതി ബിൽ കൊണ്ടുവരുന്നതെന്നും, വഖഫ് വസ്തുവകകളുടെ നിയന്ത്രണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നും ശ്രീ കിരൺ റിജിജു പറഞ്ഞു. മുസ്ലിം വിഭാഗത്തിന് പുറമേ, സ്ത്രീകളും കുട്ടികളുമടക്കം രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും, ഇത് ഗുണകരമാകുമെന്നും അദ്ദേഹം അറിയിച്ചു.*

*(ഹോൾഡ്)*

*പ്രതിപക്ഷത്തിന്റെ എതിർപ്പിനിടെയാണ് ബിൽ സഭ പരിഗണിക്കുന്നത്. കേന്ദ്രം നിയമനിർമ്മാണം അട്ടിമറിക്കുകയാണെന്ന് പ്രതിപക്ഷം ആരോപിച്ചു. ബില്ലിൽ ഭേദഗതികൾ വരുത്താനുള്ള ജെപിസിയുടെ അധികാരത്തെ സംബന്ധിച്ച് പ്രതിപക്ഷ എം.പി എൻ.കെ പ്രേമചന്ദ്രൻ സഭയിൽ ചോദ്യമുന്നയിച്ചു. വഖഫ് ഭേദഗതി ബിൽ ചർച്ചകൾക്കായി എട്ട് മണിക്കൂറാണ് അനുവദിച്ചിരിക്കുന്നത്. ബിൽ സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാണെന്നും ആവശ്യമെങ്കിൽ സമയം ദീർഘിപ്പിക്കുമെന്നും ശ്രീ കിരൺ റിജിജു വ്യക്തമാക്കി. സഭയിൽ നിർബന്ധമായും*

*ഹാജരാകണമെന്ന് അറിയിച്ച്, ബിജെപിയും, ജെഡിയു, തെലുങ്കുദേശം പാർട്ടി തുടങ്ങിയ എൻഡിഎ സഖ്യകക്ഷികളും, കോൺഗ്രസും എംപിമാർക്ക് വിപ്പ് നൽകിയിരുന്നു. ലോക്സഭയിൽ കഴിഞ്ഞ ഓഗസ്റ്റിൽ അവതരിപ്പിച്ച ബിൽ തുടർന്ന്, ബിജെപി എംപി ജഗദാംബിക പാൽ അധ്യക്ഷനായ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്കായി വിടുകയായിരുന്നു.*

$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**ASHWINI VAISHNAV(INTRO)**

*വന്ദേ ഭാരത് ട്രെയിൻ യാത്ര കൂടുതൽ സുഗമമാക്കാൻ എല്ലാ പ്രവർത്തനങ്ങളും സർക്കാർ നടത്തിവരുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഇതിന്റെ ഭാഗമായി വന്ദേ ഭാരതിൽ പ്രാദേശിക ഭക്ഷണം ലഭ്യമാക്കി തുടങ്ങിയതായും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. ദക്ഷിണ റെയിൽവേ നടപ്പാക്കിയ വൈഎസ്എ എന്ന പുതിയ പദ്ധതിയിലൂടെ കേരളത്തിൽ ഉൾപ്പെടെ യാത്രക്കാർക്ക് പ്രാദേശിക ഭക്ഷണം കൂടുതലായി ഉറപ്പാക്കാൻ സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി. (വോയിസ്)*

$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**PMMY**

രാജ്യത്തെ സ്ത്രീകളെ ശക്തിപ്പെടുത്തുന്നതിൽ പ്രധാനമന്ത്രി മുദ്ര യോജന വലിയ പങ്കുവഹിച്ചതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട്. പദ്ധതിയിലെ 52 കോടി അക്കൗണ്ട് ഉടമകളിൽ 68 ശതമാനവും സ്ത്രീകളാണെന്നും എസ്ബിഐ സാമ്പത്തിക ഗവേഷണ വിഭാഗം പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ഏറ്റവും കൂടുതൽ വനിതാ സംരംഭകരുള്ളത് ബിഹാറിലാണ്, തൊട്ടുപിന്നിൽ തമിഴ്നാടും പശ്ചിമ ബംഗാളുമുണ്ട്. 52 കോടി പിഎംഎംവൈ അക്കൗണ്ടുകളിൽ പകുതിയോളം എസ്‌സി, എസ്ടി,

ഒബിസി വിഭാഗങ്ങളിൽ നിന്നാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$

## NHAI TOLL HIKE

രാജ്യവ്യാപകമായി ടോൾ നിരക്കുകൾ 4 മുതൽ 5 ശതമാനം വരെ വർധിപ്പിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. വർധനവ് ഉടൻ പ്രാബല്യത്തിൽ വരും. രാജ്യത്തുടനീളമുള്ള എക്സ്പ്രസ് വേകൾക്കും ദേശീയ പാതകൾക്കും പുതുക്കിയ നിരക്കുകൾ ബാധകമാണ്. ഹൈവേ അറ്റകുറ്റപ്പണികൾക്കും വിപുലീകരണത്തിനും ധനം കണ്ടെത്തുന്നതിന്റെ ഭാഗമായാണ് ടോൾ നിരക്ക് വർധിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$

## MANDAVIYA - YOUTH

ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. രാഷ്ട്രത്തിന് പ്രഥമ സ്ഥാനം നൽകണമെന്ന മനോഭാവത്തോടെ പ്രവർത്തിക്കണമെന്ന് യുവാക്കളോട് അദ്ദേഹം ആഹ്വാനം ചെയ്തു. ന്യൂഡൽഹിയിൽ നടന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. യുവജനകാര്യ-കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന യൂത്ത പാർലമെന്റ്, രാജ്യത്തിന്റെ ജനാധിപത്യ സ്വഭാവം മനസ്സിലാക്കാൻ യുവജനങ്ങൾക്ക് അവസരമൊരുക്കുമെന്നും ശ്രീ മാണ്ഡവ്യ അഭിപ്രായപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$$$$

## Child Adoption

2024-25 സാമ്പത്തിക വർഷത്തിൽ രാജ്യത്ത് ദത്തെടുക്കപ്പെട്ട കുട്ടികളുടെ എണ്ണം 4,515 ആയി ഉയർന്നെന്ന് കേന്ദ്രസർക്കാർ. കഴിഞ്ഞ 12 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിതെന്ന് കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം അറിയിച്ചു. രാജ്യത്ത് നിയമപരമായ ദത്തെടുക്കലിന് ലഭിക്കുന്ന സ്വീകാര്യതയുടെ തെളിവാണിതെന്നും മന്ത്രാലയം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

### CPI-M

സിപിഐ എം 24-ാം പാർട്ടി കോൺഗ്രസ് മധുരയിൽ ആരംഭിച്ചു. മുതിർന്ന നേതാവ് ബിമൻ ബസു പതാക ഉയർത്തി. കീഴ്വെണ്മണി രക്തസാക്ഷികളുടെ സ്മൃതികുടീരത്തിൽ നിന്നാണ് പതാക, സമ്മേളനം നടക്കുന്ന സീതാറാം യെച്ചൂരി നഗറിലേക്ക് എത്തിച്ചത്. കോടിയേരി ബാലകൃഷ്ണൻ സ്മാരക ഹാളിൽ പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ പ്രകാശ് കാരാട്ട് പാർട്ടി കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. മണിക് സർക്കാർ അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ സിപിഐ ജനറൽ സെക്രട്ടറി ഡി രാജ ഉൾപ്പെടെ വിവിധ ഇടതുപക്ഷ പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുത്തു. ഏപ്രിൽ ആറുവരെ ചേരുന്ന പാർട്ടി കോൺഗ്രസിൽ 80 നിരീക്ഷകരടക്കം എണ്ണൂറിലധികം പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

### ASHA WORKERS STRIKE

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ നാളെ വീണ്ടും ചർച്ച നടത്തും. ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരത്താണ് ചർച്ച. സി ഐ ടി

യു, ഐ എൻ ടി യു സി തൊഴിലാളി സംഘടനാ പ്രതിനിധികളെയും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്.

സമരം ആരംഭിച്ച ശേഷം ഇത് മൂന്നാം തവണയാണ് ആശാ പ്രവർത്തകരെ സർക്കാർ ചർച്ചയ്ക്ക് വിളിക്കുന്നത്. മുൻപ് രണ്ട് തവണ നടന്ന ചർച്ചയും പരാജയപ്പെട്ടിരുന്നു. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദയുമായി മന്ത്രി വീണാ ജോർജ് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഒരു വിഭാഗം ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം 52-ാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 14 - ാം ദിവസത്തിലേക്കും കടന്നിരിക്കുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$

**VALAYAR H.C**

വാളയാർ പീഡനത്തിന് ഇരയായ കുട്ടികളുടെ മാതാപിതാക്കളെ അറസ്റ്റ് ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ ഹൈക്കോടതി തടഞ്ഞു. സിബിഐ, വിചാരണ കോടതിയിൽ സമർപ്പിച്ച കുറ്റപത്രം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മാതാപിതാക്കൾ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. ഹർജി തീർപ്പാക്കും വരെ ഇരുവർക്കും എതിരെ നടപടി പാടില്ലെന്നും കേസിൽ വേനൽ അവധിക്ക് ശേഷം വിശദമായ വാദം കേൾക്കുമെന്നും കോടതി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$

**SABARIMALA（INTRO)**

***പൈങ്കുനി ഉത്രം ഉത്സവത്തിന്റെ കൊടിയേറ്റ് ചടങ്ങ് ശബരിമലയിൽ നടന്നു. ഭക്തിസാന്ദ്രമായി സന്നിധാനം.***

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....***

***(വോയിസ്)***

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

### ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യപാദ സെമിയിൽ ഇന്ന് രാത്രി 7.30 ന് ഗോവ - ബംഗളുരുവിനെ നേരിടും. മോഹൻ ബഗാനും - ജംഷഡ്പൂരുമായുള്ള സെമി ഫൈനൽ നാളെയാണ്. ഈ മാസം 6,7 തീയതികളിലാണ് രണ്ടാം പാദ സെമി. 12 നാണ് ഫൈനൽ മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### IPL T20 CRICKET RESULT

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേർസ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### TRUMP TARIFF ISRAEL

യുഎസ് ഉൽപ്പന്നങ്ങൾക്ക് അമിത തീരുവ ചുമത്തുന്ന രാജ്യങ്ങൾക്ക് മേൽ അമേരിക്ക ഇന്നുമുതൽ മറുപടി തീരുവ ഏർപ്പെടുത്തുമെന്ന് വൈറ്റ് ഹൗസ് സ്ഥിരീകരിച്ചു. വാഹന ഇറക്കുമതിക്കുള്ള 25% തീരുവ നാളെ പ്രാബല്യത്തിൽ വരും. പുതിയ തീരുവയിലൂടെ പ്രതിവർഷം 600 ബില്യൺ ഡോളർ സമാഹരിക്കുമെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി. അതേസമയം, അമേരിക്കയിൽ നിന്നുള്ള എല്ലാ ഇറക്കുമതിയ്ക്കും തീരുവ ഒഴിവാക്കിയാതായി ഇസ്രായേൽ പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$

**CHILE PREZ VISIT**

ദുരന്ത നിവാരണം, സാംസ്കാരികം എന്നീ മേഖലകളിലെ സഹകരണത്തിനുള്ള കരാറുകൾ ഇന്ത്യയും ചിലിയും തമ്മിൽ കൈമാറി. അന്റാർട്ടിക്ക സഹകരണത്തിനായുള്ള ലെറ്റർ ഓഫ് ഇൻറൻറും കൈമാറി. അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ചിലി പ്രസിഡൻറ് ഗബ്രിയേൽ ബോറിക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. ലാറ്റിനമേരിക്കയിൽ ഇന്ത്യയുടെ പ്രധാന സുഹൃത്തും പങ്കാളിയുമാണ് ചിലിയെന്ന് പറഞ്ഞ ശ്രീ മോദി ഇരു രാജ്യങ്ങളും തമ്മിൽ വിവിധ മേഖലകളിൽ സഹകരണം വർധിപ്പിക്കുമെന്നും വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$

$$$$$$$$$$